ജില്ല	വിസ്തീർണ്ണം (ഹെക്ടർ)
തിരുവനന്തപുരം	1298
കൊല്ലം	3183
പത്തനംതിട്ട	3998
ആലപ്പുഴ	11179
കോട്ടയം	4687
ഇടുക്കി	1305
എറണാകുളം	5987
തൃശ്ശൂർ	8689
പാലക്കാട്	14415
മലപ്പുറം	10121
കോഴിക്കോട്	2458
വയനാട്	2168
കണ്ണൂർ	4374
കാസർഗോഡ്	3991

(ബി, സി) തരിശുകിടന്നിരുന്ന പാടശേഖരങ്ങൾ കൃഷിചെയ്യുവാനായി ഇപ്പോൾ പദ്ധതികൾ നിലവിലില്ല. കുട്ടനാട്ടിലെ അറുന്നൂറോളം വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാകുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതോടെ ഈ പ്രദേശത്തെ തരിശുനിലങ്ങൾ ഒരളവിൽ കൃഷിയോഗ്യമാകും.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

*11 [71] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. പി. ജയരാജൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയും വരൾച്ചയും മൂലം സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിലത്തകർച്ചമൂലം കടത്തിൽ മുങ്ങിയ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് അനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത്; ഇതനുസരിച്ച് എന്തു തുകയ്ക്കുള്ള സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) വരൾച്ചയെത്തുടർന്ന് കാർഷിക കടങ്ങൾക്ക് സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കാർഷിക കടങ്ങളുടെ തിരിച്ചടവ് സംബന്ധിച്ച സഹകരണ രജിസ്ട്രാറുടെ ഉത്തരവിലെ നിബന്ധനകൾമൂലം കാർഷിക കടങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയത്തിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുകയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വരൾച്ചയും വിലത്തകർച്ചയും മൂലം കടക്കെണിയിൽപ്പെട്ട എത്ര കർഷകർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പതുക എഴുതിത്തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുവാൻവേണ്ടി 2002 ഫെബ്രുവരി മാസത്തിൽ സംസ്ഥാന സർക്കാർ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. വരൾച്ച ദുരിതാശ്വാസ നഷ്ടപരിഹാരം നൽകുവാനായി 35.28 കോടി രൂപ അനുവദിച്ചതിൽ 27.16 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു.

(ബി) സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം ഓരോ വിളകൾക്കും വാഗ്ദാനം ചെയ്ത സഹായങ്ങളും തുകയും ചുവടെ ചേർക്കുന്നു:

1. റബ്ബർ.—റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിൽ റബ്ബർ സംഭരണത്തിനായി തിരഞ്ഞെടുത്ത നിർദ്ദിഷ്ട ഏജൻസികൾക്ക് റബ്ബർ കയറ്റുമതിയിലും സംഭരണത്തിലുമുള്ള നഷ്ടം വഹിക്കുന്നതിനായി 40 കോടി രൂപ.

2. തെങ്ങ്.—കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 11 കോടി രൂപ.

3. അടയ്ക്ക.—അടയ്ക്കാ സംഭരണത്തിന് കാംകോ വഴി കമ്പോള വിലയേക്കാൾ 10 രൂപ കൂടുതൽ നൽകി കർഷകരിൽ നിന്നും സംഭരിക്കുന്നതിനുള്ള സംവിധാനത്തിനായി 10 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

4. കരുമുളക്.—കുരുമുളക് കർഷകർക്ക് ഹെക്ടർ ഒന്നിന് 500 രൂപ നിരക്കിൽ ഉൽപ്പാദന സഹായം നൽകുന്നതിനായി 5 കോടി രൂപ.

5. നെല്ല്.—നെല്ലുല്പാദക കർഷകർക്ക് ഹെക്ടർ ഒന്നിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്-8 കോടി രൂപയും നെല്ല് സംഭരണത്തിനായി 6 കോടി രൂപയും.

6. പമ്പിംഗ് സബ്സിഡി.—6 കോടി രൂപ.

7. ഇഞ്ചി.—ഇഞ്ചി കർഷകർക്ക് നികുതി ഇളവ് നൽകുന്നതിനായി-3 കോടി രൂപ.

8. കാപ്പി.—കാപ്പി കർഷകർക്ക് ഹെക്ടർ ഒന്നിന് 500 രൂപ നിരക്കിൽ ഉല്പാദന ബോണസായി-6 കോടി രൂപ.

നാളിതുവരെ ഒരോ വിളയ്ക്കും താഴെ പറയുന്ന തുക ചെലവാക്കിയിട്ടുണ്ട്:

1.	റബ്ബർ സംഭരണം	–	7.21166	കോടി രൂപ
2.	കൊപ്രാ ഡ്രയർ	–	2.626	"
3.	അടയ്ക്കാ സംഭരണം	–	9.50	"
4.	കുരുമുളക്	–	3.5195	"
5.	നെല്ലിന്റെ ഉല്പാദന ബോണസ്	–	8.00	"
6.	നെല്ല് സംഭരണം	–	9.00	"
7.	കാപ്പി	–	1.81659	"
			41.6737	"

(സി) ഉണ്ട്.

കാർഷിക കടാശ്വാസം നൽകുന്നതിനായി ഒരു "സ്കീം" ജി.ഒ. (എം.എസ്.) 194/2004/റവന്യൂ തീയതി 9-6-2004 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ആക്ടിന്റെ പരിധിയിൽ വരുന്ന കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലാവധിയിൽ പലിശയ്ക്കും പിഴപ്പലിശയ്ക്കും ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) കാർഷിക കടങ്ങളുടെ തിരിച്ചടവ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിലെ നിബന്ധനകൾ മൂലം കാർഷിക കടങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുകയില്ല എന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, എഫ്) കർഷകർ ആത്മഹത്യ ചെയ്തത് കടക്കെണിയിൽ പെട്ടാണെന്ന് സർക്കാർ കരുതുന്നില്ല.

ചെലവ് ചുരുക്കൽ പരിപാടി

*12 [72] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

,, മഞ്ഞളാംകുഴി അലി:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ പ്രഖ്യാപിച്ച ചെലവ് ചുരുക്കൽ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പരിപാടിയുടെ ഭാഗമായി ഏതെല്ലാം ഇനങ്ങളിൽ ചെലവ് ചുരുക്കാൻ കഴിഞ്ഞുവെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(സി) ചെലവ് ചുരുക്കൽ പരിപാടി ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് തടസ്സമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ ഭാഗമായി ഏതെങ്കിലും ക്ഷേമ/സേവന പ്രവർത്തനങ്ങൾ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ സർവ്വീസിലെ 3570 തസ്തികകൾ നിർത്തലാക്കുകയും 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും, 1663 തസ്തികകളെ പുനർവിന്യസിക്കാനായി മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനു പുറമേ പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനം വാങ്ങൽ, വിദേശ യാത്ര, വിമാനയാത്ര വാഹന ഉപയോഗം, ടെലഫോൺ എന്നീ മേഖലകളിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. കൂടുതൽ ഗഡു ഡി.എ.-യും ഡി.ആറും അനുവദിച്ചിട്ടും കരാറുകാരുടെ കുടിശ്ശികയിൽ നല്ലൊരു പങ്ക് കൊടുത്തിട്ടും വിവിധ ക്ഷേമ പെൻഷൻ പദ്ധതികൾക്കുള്ള തുക നൽകിയിട്ടും സർക്കാരിന്റെ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കാതെ സൂക്ഷിക്കാൻ കഴിഞ്ഞത് ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കണ്ടതുകൊണ്ടാണ്.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly